മാത്രമല്ല 120 കോടി രൂപ അടക്കമുള്ള ആധുനികവൽക്കരണ നിർദ്ദേശങ്ങൾ കമ്മിറ്റി സമർപ്പിച്ചിരുന്നുവെങ്കിലും പെൻഷൻ നൽകാൻ വേണ്ടിയുള്ള തുകയൊന്നും തുപാർശ ചെയ്തിട്ടില്ല. ശ്രീ. ഗോപിനാഥൻ നായർ അദ്ധ്യക്ഷനായുള്ള സമിതി റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി മൂന്ന് മേഖലായോഗങ്ങൾ നടത്തുകയുണ്ടായി. വിരമിച്ച ജീവനക്കാർക്ക് പ്രതിമാസം 2000 രൂപവീതം പെൻഷൻ നടപ്പാക്കുക എന്നുള്ളത് മേഖലായോഗത്തിൽ ഉയർന്നുവന്ന ഒരാവശ്യം മാത്രമാണ്. സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന്റെ ഭാഗമായും അല്ലാതെയും സാമൂഹ്യ പരിഷ്കരണ സ്ഥാപനങ്ങളിലൂടേയും ഖാദി പ്രവർത്തനത്തിലേർപ്പെടുകയും ജീവിതം സമർപ്പിക്കുകയും ചെയ്ത മുൻകാല പ്രവർത്തകരുടെ ത്യാഗോജ്ജ്വലമായ സേവനം രാജ്യത്തിന് ഏറെ വിലപ്പെട്ടതും വിസ്മരിക്കാനാകാത്തതുമാണ്. 120 കോടി രൂപയുടെ പരിഷ്കരണ നിർദ്ദേശങ്ങളിൽ കേവലം 29 കോടി 46 ലക്ഷം രൂപയുടെ നിർദ്ദേശങ്ങൾ മാത്രമാണ് സർക്കാർ ഇപ്പോൾ അംഗീകരിച്ചിട്ടുള്ളത്. ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ട് പൂർണ്ണമായും നടപ്പാക്കുന്ന ഘട്ടത്തിൽ ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ട പ്രകാരം സർക്കാരിതര ഖാദി സ്ഥാപനങ്ങളിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നകാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

17. മേജർ ജില്ലാ റോഡുകൾ

<u>ശ്രീ. സി. കൃഷ്ണൻ</u> : സർ, എന്റെ മണ്ഡലത്തിലെ ഗതാഗത മേഖലയുമായി ബന്ധപ്പെട്ട അതീവ ഗൗരവതരമായ പ്രശ്നമാണ് ഇന്ന് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. പയ്യന്നൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഏതാണ്ട് 248 കിലോ മീറ്റർ ദൈർഘ്യമുള്ള മേജർ ഡിസ്ട്രിക്ട് റോഡുകളുണ്ട്. റോഡുകളുടെ ദൈർഘ്യത്തിനനുസരിച്ച് അതിന്റെ അറ്റകുറ്റപ്പണികൾക്കുള്ള ഫണ്ട് ഒരിക്കലും അനുവദിക്കാറില്ല. ഇതിൽ ഏതാണ്ട് 34 കിലോ മീറ്റർ ദൈർഘ്യമുള്ള ഏഴ് റോഡുകൾ പത്ത് വർഷത്തിലേറെക്കാലമായി റീ-ടാർ ചെയ്തിട്ടില്ല. മലയോര മേഖലയുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ വാഹനങ്ങളോടുന്ന വെള്ളൂർ-വാടിയോട്ടുചാൽ-പുളിങ്ങോം റോഡ്, ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡ്, പയ്യന്നൂർ നഗരമധ്യത്തിലൂടെ കടന്നുപോകുന്ന പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ അപ്രോച്ച് റോഡ്, മേത്തരുമ്പ-ചപ്പാരപ്പടവ്-കുറ്റൂർ റോഡ്, വെള്ളോറ-കക്കറ-കടുക്കാരം റോഡ്, സാമിമുക്ക്-പുത്തൂർ-പെരളം-വെള്ളൂർ റോഡ്, നാഷണൽ ഇസെഡ് റോഡായിട്ടുള്ള, കെ.എസ്.ആർ.ടി. സി. ബസ്സുകൾ മാത്രം സർവ്വീസ് നടത്തുന്ന കാങ്കോൽ-ചീമേനി റോഡ് ഇതെല്ലാം ഇതിൽപ്പെടുന്ന റോഡുകളാണ്. ഈ റോഡുകൾ നവീകരിക്കുന്നതിനാവശ്യമായ ഫണ്ട് നിരവധി തവണ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടെങ്കിൽപ്പോലും അനുവദിച്ചിട്ടില്ല. ഇതിന്റെ ഫലമായി മണ്ഡലത്തിലെ പ്രധാന റോഡ് കടന്നുപോകുന്ന ഭാഗങ്ങളിലെല്ലാം വലിയതോതിൽ ജനങ്ങളുടെ പ്രതിഷേധങ്ങളും അമർഷങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പയ്യന്നൂർ നഗരസഭാ അതിർത്തിയിൽ രാഷ്ട്രീയത്തിനതീതമായി നഗരസഭാ കൗൺസിലർമാരും തൊഴിലാളികളും പൊതുജനങ്ങളുമുൾപ്പെടെയുള്ളവർ പൊട്ടിപ്പൊളിഞ്ഞ റോഡുകൾ അഭിവൃദ്ധിപ്പെടുത്തണമെന്ന ആവശ്യങ്ങളുന്നയിച്ചുകൊണ്ട് പ്രക്ഷോഭങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. പയ്യന്നൂർ പട്ടണം ചെളിക്കുളമായി മാറിയിരിക്കുകയാണ്. മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോടും ഈ സഭയോടും അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പരാമർശിച്ച പയ്യന്നൂർ മണ്ഡലത്തിലെ പ്രധാന പൊതുമരാമത്ത് റോഡുകളായ മേത്തരുമ്പ, ചപ്പാരപ്പടവ്, കുറ്റൂർ, വേളേരാറ, കക്കറ, കടുക്കാരം, , ചെറുതാഴം, പെരിങ്ങോം, പയ്യന്നൂർ റെയിൽവേ സ്റ്റേഷന്റെ അപ്രോച്ച് റോഡ് എന്നിവയുടെ ഉപരിതലം പുതുക്കുന്നതിനാവശ്യമായ ഭാഗങ്ങളിൽ ബി.എം.ആന്റ് ബി.സി. ചെയ്യുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നകാര്യം പരിശോധിക്കുന്നതാണ്. വെള്ളൂർ-പാടിയോട്ടുചാൽ- പുളിങ്ങോം റോഡിന്റെ പയ്യന്നൂർ മുതൽ ചെറുപുഴ വരെയുള്ള 35 കിലോമീറ്റർ ദൂരം സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിന് കേന്ദ്രാനുമതിക്കായി അയച്ചിട്ടുണ്ട്. കേന്ദ്രാനുമതി ലഭിക്കുന്നമുറയ്ക്ക് ഈ റോഡിന്റെ പുനരുദ്ധാരണം നടത്തുന്നതാണ്. പയ്യന്നൂർ മണ്ഡലത്തിൽ 10 വർഷവും അതിലധികവും കാലമായി റീ-ടാറിംഗ് നടത്താത്ത റോഡുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ റോഡുകളുടെ അറ്റകുറ്റപ്പണികൾ അപ്പപ്പോൾ നടത്താറുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ റോഡുകളിൽ റീ-ടാറിംഗ് നടത്തുന്നകാര്യം പരിഗണിക്കുന്നതാണ്.

18. റെയിൽവേ മേൽപ്പാലം

ശ്രീ. മോൻസ് ജോസഫ് : സർ, ഗതാഗതത്തിരക്കേറിയ കറുവിലങ്ങാട്-കുറുപ്പന്തറ-കല്ലറ-വെച്ചൂർ റോഡിൽ കുറുപ്പന്തറ റെയിൽവേ സ്റ്റേഷനുസമീപത്ത് റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് സർക്കാർ സത്വര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കുറുപ്പന്തറ മേൽപ്പാലനിർമ്മാണ

LIBRARY ARCHIVES Kerala Legislative Assembly